പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ. 4218 — 21-07-2015 ൽ മറുപടിക്ക്

കർഷകർക്ക് ഇ-പെയ്മെന്റ് വഴി ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാലോട് രവി<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ.കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) കർഷകർക്കുള്ള ആനുകൂല്യങ്ങൾ ഇ-പെയ്മെന്റ് വഴി നൽകുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | (ബി) | കർഷകരുടെയും, അവരുടെ കൃഷിയെ കുറിച്ചും സമഗ്രമായ ഒരു ഡാറ്റാ ബാങ്ക് ഉണ്ടാക്കുക, ഇത് ഉപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുക, പദ്ധതി ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അവരുടെ അക്കൗണ്ടിൽ നേരിട്ട് നൽകുക, തുടങ്ങിയവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ആരെല്ലാമാണ് ഇതുമായി സഹകരിക്കുന്നത്; | (സി) | നാഷണൽ ഇൻഫർമാറ്റിക് സെന്റർ കേരള, കേരളത്തിലെ വിവിധ ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ ഈ പദ്ധതിയുമായി സഹകരിക്കുന്നു. |
| (ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (ഡി) | കർഷകർക്കുള്ള ആനുകൂല്യം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നേരിട്ട് നൽകുന്നതിനായി ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. നാഷണൽ ഇൻഫർമാറ്റിക് സെന്റർ, വിവിധ ബാങ്കുകളുടെ പ്രതിനിധികൾ, എന്നിവരെ ഉൾപ്പെടുത്തി പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ